Mathrubhumi 09.01.18

# ക്ലാസ് ഫോർ നിയമനം: എഴുത്തുപരീക്ഷ 21-ന്

**തൃശ്ശൂർ►** ജനുവരി 21-ന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലെ വിവിധ സെൻററുകളിൽ കേരള കാർഷിക സർവകലാശാല ക്ലാസ് ഫോർ തസ്തികയിലെ നിയമനത്തിന് നടത്തുന്ന ഒ.എം.ആർ. രീതിയിലുള്ള എഴുത്തുപരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റുകൾ അയച്ചു. ഹാൾടിക്കറ്റ് ലഭിക്കാത്തവർ http://www.lbscentre.org/exam/agri20172/admitcard.php എന്ന ലിങ്കിൽനിന്ന് ഡൗൺലോഡ് ചെയ്യണം. അഡ്മിഷൻ കാർഡിലുള്ള പേരിലോ ഇനീഷ്യലിലോ തിരുത്തലുകൾ ഉണ്ടെങ്കിൽ അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും ഫോട്ടോ പതിച്ച തിരിച്ചറിയൽരേഖയുടെ അസലും അതിന്റെ ഒരു പകർപ്പും ഹാൾടിക്കറ്റിനോടൊപ്പം പരീക്ഷാകേന്ദ്രത്തിൽ ഹാജരാക്കണം.

## പരിശീലനം

**തൃശ്ശൂർ►** കേരള കാർഷിക സർവകലാശാലയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് (മാനേജ്), ഹൈദരാബാദും ചേർന്ന് ഹൈടെക് അഗ്രികൾച്ചർ എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. ഫെബ്രുവരി രണ്ടുമുതൽ 16 വരെയും 25 മുതൽ മാർച്ച് 11 വരെയും വെള്ളാനിക്കര ഹൈടെക് റിസർച്ച് ആൻഡ് ട്രെയിനിങ് യൂണിറ്റ് ഇൻസ്ട്രക്ഷണൽ ഫാമിലാണ് പരിശീലനം. തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്കാണ് പ്രവേശനം. താമസവും ഭക്ഷണവും ലഭിക്കും. ഫോൺ: 7025498850